നം. ഇ.എസ്3- 28529/2022/ആ.വ.ഡ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 25/04/2022

# സർക്കുലർ

വിഷയം : ആരോഗ്യ വകുപ്പിൽ 31.12.2021 വരെയുള്ള ഫാർമസിസ്റ്റ് ഗ്രേഡ് – 2 തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് - സംബന്ധിച്ച്-

സൂചന : ഇ. എസ്3-2982/2019/ആ.വ.ഡ, തീയതി. 29.07.2021

ആരോഗ്യ വകുപ്പിൽ 01.01.2014 മുതൽ 31.12.2018 വരെയുള്ള ഫാർമസിസ്റ്റ് ഗ്രേഡ് – 2 തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് സൂചന പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി 31.12.2021 വരെയുള്ള ഫാർമസിസ്റ്റ് ഗ്രേഡ് – 2 തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രഫോർമ – A ൽ സ്ഥാപന മേധാവി ജീവനക്കാരന്റെ സേവനപുസ്തകവുമായി ഒത്തുനോക്കി വിവരങ്ങൾ രേഖപ്പെടുത്തി ശരിയാണെന്ന സർട്ടിഫിക്കറ്റോടുകൂടി 05.05.2022 ന് മുൻപായി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസിൽ എത്തിക്കേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസർമാർ ജില്ലയിലെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന മാതൃകയിലുള്ള എക്സൽ ഷീറ്റിൽ (Annexure –B) സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പ്രൊഫോർമ – A ലെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. വിവരങ്ങൾ ഉൾപ്പെടുത്തിയ എക്സൽ ഫോർമാറ്റ് ഇ-മെയിൽ (essectiondhs@gmail.com) വഴി ഈ സ്ഥാപനത്തിൽ ലഭ്യമാക്കേണ്ടതാണ്. സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച പ്രൊഫോർമ – A ഉം നിർദ്ദിഷ്ട മാതൃകയിലുള്ള പൂരിപ്പിച്ച എക്സൽ ഫോർമാറ്റിന്റെ ശരി പകർപ്പും 16.05.2022 ന് മുൻപായി തപാൽ മുഖേന ഈ ആഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്.

1. **31.12.2018 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ നിലവിൽ സ്ഥാനം ലഭിച്ചിട്ടുള്ള ജീവനക്കാർ പ്രൊഫോർമ സമർപ്പിക്കേണ്ടതില്ല.**
2. സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രൊഫോർമകൾ നിർദ്ദിഷ്ട തീയതിക്കുള്ളിൽ തന്നെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്ക് അയയ്ക്കാൻ ജില്ലാ മെഡിക്കൽ ഓഫീസർമാർ പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്.
3. മേൽ കാലയളവിൽ നിയമനം ലഭിച്ച എല്ലാ ഫാർമസിസ്റ്റ് ഗ്രേഡ് – 2 ജീവനക്കാരും പ്രൊഫോർമ കൃത്യസമയത്ത് തന്നെ പൂരിപ്പിച്ച് അതാത് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
4. പി. എസ്. സി ശുപാർശ, നിയമന ഉത്തരവ്, പരിവീക്ഷണകാലം പൂർത്തിയാക്കിയ ഉത്തരവ്, എന്നിവ പ്രൊഫോർമയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
5. അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർ, ശൂന്യവേതനാവധി എടുത്തിട്ടുള്ള ജീവനക്കാർ എന്നിവരുടെ പ്രൊഫോർമയിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് സ്ഥാപന മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

സ്വീകർത്താവ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

(ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ എല്ലാ കീഴ്സ്ഥാപനങ്ങൾക്കും സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനായി അപേക്ഷ സ്വീകരിക്കുന്ന വിവരം ഇ-മെയിൽ വഴി അറിയിക്കേണ്ടതും, സർക്കുലർ പ്രസിദ്ധപ്പെടുത്തിയ വിവരം സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡിൽ എഴുതി പ്രദർശിപ്പിക്കാൻ നിർദ്ദേശം നൽകേണ്ടതുമാണ്.)